# ബിറ്റ്സ് & ബൈറ്റ്സ്

## ഡിജിറ്റൽ മാഗസിൻ

## ജി എച്ച് എസ് എസ് കടമ്പൂർ



## ഉള്ളടക്കം

ആശംസകൾ.....2
സ്കൂളിനെകുറിച്ച്.....3
ചരിത്രം.....4
ഭൗതികസൗകര്യങ്ങൾ.....5
ലിറ്റിൽകൈറ്റ് 2018-20 ബാച്ച്.....7
നേട്ടങ്ങൾ.....8
ജില്ലാതല വിജയികൾ.....9
പ്രകൃതിയും മനുഷ്യനും സിനിമയും.....11
ഗൃഹാതുരം.....13
കഥ.....13
കേരളകലാമണ്ഡലം.....16
യാത്രാവിവരണം.....16
*നിന്നിലെ വിശ്വരൂപം*.....19
ബസ്സ് വന്നേ.....21

# ആശംസകൾ...........




സാങ്കേതിക വിദ്യ മനുഷ്യപുരോഗതിക്ക് വിഘാതമാകുമെന്ന് സംശയിച്ചിരുന്ന കാലമുണ്ടായിരുന്ന എന്നാൽ മനുഷ്യന്റെ ബുദ്ധിയുടെ വികാസം മാത്രമല്ല സർഗ്ഗാത്മക പ്രവർത്തനങ്ങളെയും സ്വാധീനിക്കാൻ സാങ്കേതികവിദ്യക്ക് കഴിയുമെന്നതിന്റെ തെളിവാണ് ഈ മാസികാ പ്രവർത്തനം . മാത്രമല്ല ഈ സർഗ്ഗാത്മകയ്ക്ക് കൂടുതൽ സൗന്ദര്യവും തെളിച്ചവും ആശയസംവേദനവും നടത്താൻ സാങ്കേതിക വിദ്യ സഹായകമാകുന്നുണ്ട്. അതു കൊണ്ടു തന്നെ ഇതിന്റെ വളർച്ച മനുഷ്യരാശിക്ക് ഗുണം ചെയ്യും . ഈ പ്രവർത്തനത്തിൽ പങ്കാളികളായ എല്ലാവരെയും അനുമോദിക്കുകയും അതോടൊപ്പം എല്ലാ വിധ ആശംസകളും നേരുന്നു

ശ്രീമതി. കല്ല്യാണികുട്ടി
ഹെഡ്മിസ്ട്രസ്
ജി എച്ച് എസ് എസ് കടമ്പൂർ

## സ്കൂളിനെകുറിച്ച്................




പാലക്കാട് ജില്ലയിലെ മികച്ച സർക്കാർ വിദ്യാലയമായ കടമ്പൂർ ഗവ.ഹയർസെക്കന്ററി സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർന്നുകൊണ്ടിരിക്കുകയാണ് . ആകർഷകമായ ഭൗതിക സാഹചര്യങ്ങളും ആധുനിക സാങ്കേതികവിദ്യയിലധിഷ്ഠിതമായ പഠനസൗകര്യങ്ങളാണിവിടെയുള്ളത് ഈ മികവിന്റെ കേന്ദ്രത്തിൽ ഹൈസ്കൂൾ വിഭാഗത്തിലെ മുഴുവൻ ക്ലാസ്സുറികളും ,യു പി വിഭാഗത്തിലെ മൂന്ന് ക്ലാസ്സുകളും ഹയർ സെക്കന്ററിയിൽ പകുതി ക്ലാസ്സുറികളും ഹൈടെക്കായി മാറിയിരിക്കുന്നു .കൂടാതെ അത്യാധുനിക സംവിധാനങ്ങളോടുകൂടിയ ഒരു സ്മാർട്ട് റൂമും, 20 കമ്പ്യൂട്ടറുകളുമുള്ള ഒരു കമ്പ്യൂട്ടർ ലാബുമുണ്ട് . എസ്.എസ്.എൽ.സി , പ്ലസ്ടു പരീക്ഷകളിൽ എക്കാലവും മികച്ചവിജയം നേടുന്നതോടൊപ്പം തന്നെ കായിക മേളകളിലും സംസ്ഥാന മേളകളിലും കലോത്സവങ്ങളിലും മികച്ചപ്രകടനങ്ങൾ കാഴ്ച വക്കാൻ ഗവ.ഹയർ സെക്കണ്ടറി സ്കൂളിനാവുന്നുണ്ട്




## ചരിത്രം

വള്ളുവനാട്ടിലെ ഒരു ഉൾനാടൻ കാർഷിക ഗ്രാമമായ കടമ്പൂരിലാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത് "കടമ്പവൃക്ഷങ്ങൾ നിറഞ്ഞ ഊര്" എന്നാണ് ഈ സ്ഥലപേര് അർത്ഥമാക്കുന്നത്. അമ്പലപ്പാറ ഗ്രാമത്തിലെ പാട്ടി മലക്ക് കീഴെ തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന സുന്ദരമായ ഗ്രാമം .വേമഞ്ചേരി മനയ്ക്കലെ ബ്രഹ്മശ്രീ ഭാസ്കരൻ നമ്പൂതിരിപ്പാടാണ് 1902 കടമ്പൂർ ഭാസ്കര വിലാസം എൽ പി സ്കൂൾ സ്ഥാപിച്ചത് അമ്പലപ്പാറ പഞ്ചായത്തിലെ അഞ്ചാം വാർഡിൽ സ്ഥിതി ചെയ്യുന്ന ആദ്യത്തെ സർക്കാർ സ്കൂളായ കടമ്പൂർ സ്കൂളിന്റെ ചരിത്രം അമ്പലപ്പാറഗ്രാമത്തിലെ സ്കൂളുമായി ഇഴചേർന്നു കിടക്കുന്നു. അഞ്ചാംക്ലാസ്സ് വരെയുള്ള എലിമെന്ററി വിദ്യാഭ്യാസത്തിനുശേഷം തുടർവിദ്യാഭ്യാസത്തിന് അമ്പലപ്പാറയിൽ സൗകര്യം ഇല്ലാത്ത കാലത്ത് യശഃശരീരനായ എ കെ നാരായണൻകുട്ടിനായർ 1931 അമ്പലപ്പാറയിലെ ഒരു പീടികകെട്ടിടത്തിനു

മുകളിൽ ആരംഭിച്ചതാണ് എൻ.എം .എച്ച്.ഇ സ്കൂൾ. 6,7,8 ക്ലാസുകളടങ്ങിയ ഹയർ എലമെൻ്ററി സ്കൂളിന് 1934 ൽ മാത്രമാണ് ഗവൺമെൻറ് അംഗീകാരം ലഭിച്ചത് (അതിനെത്തുടർന്ന് സ്കൂൾ പാലച്ചുവട്ടിലുള്ള സ്വന്തം കെട്ടിടത്തിലേക്ക് മാറ്റി) 1957 ൽ വേമഞ്ചേരിമനയിലെ വി എം സി നമ്പൂതിരിപ്പാട് മലബാർ ഡിസ്ട്രിക്ട്ബോർഡ് പ്രസിഡണ്ട് ആയിരുന്ന ശ്രീ ഭാസ്കരപ്പണിക്കരെ കണ്ട് കടമ്പൂർ ഗവൺമെൻറ് ഹൈസ്കൂളിനുള്ള അനുമതി നേടിയെടുത്തു. എൻ.എം.എച്ച്.ഇ സ്കൂളിലെ അധ്യാപകരെയും വിദ്യാർഥികളെയും ഹൈസ്കൂളിൽ ലയിപ്പിക്കുകയും എലമെൻ്ററി സ്കൂൾ നിർത്തലാക്കുകയും ചെയ്തു വി.എം.സി നമ്പൂരിപ്പാട് 5 ഏക്കർ 27 സെൻറ് സ്ഥലവും കെട്ടിടവും സൗജന്യമായി നൽകി 1957 ആരംഭിച്ചതാണ് കടമ്പൂർ ഗവൺമെൻറ് ഹൈസ്കൂൾ 2000 ൽ ഇത് കടമ്പൂർ ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂൾ ആയി ഉയർത്തപ്പെട്ടു 1957-ൽ 8-)0 ക്ലാസ്സ് ആരംഭിച്ചതോടെ ഹൈസ്കൂൾ ആകുകയും 1960 ൽ ആദ്യ SSLC ബാച്ച് പുറത്തു വരികയും ചെയ്തു. പ്രഗത്ഭനും കണിശക്കാരനുമായ ശ്രീ നാരായണക്കുറുപ്പായിരുന്നു ആദ്യ ഹെഡ്മാസ്റ്റർ . അദ്ദേഹം ദീർഘകാലം നേതൃത്വം നൽകി സ്കൂളിനെ പ്രശസ്തിയിലേക്കുയർത്തി. പിന്നീട് അനവധി അദ്ധ്യാപകരും ഹെഡ്മാസ്റ്റർമാരും മാറി മാറി വരികയുണ്ടായി

# ഭൗതികസൗകര്യങ്ങൾ

മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് 5 കെട്ടിടങ്ങളിലായി 40 ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് ഒരു കെട്ടിടത്തിലായി 8 ക്ലാസ് മുറികളുമുണ്ട്. കൂടാതെ ഹൈസ്കൂൾ ഹയർ സെക്കണ്ടറി വിഭാഗങ്ങൾക്കായി പ്രത്യേകം പ്രത്യേകം കമ്പ്യൂട്ടർ ലാബുകളും സയൻസ് ലാബുകളുമുണ്ട് രണ്ട് ലാബുകളിലുമായി ഏകദേശം അമ്പതോളം കമ്പ്യൂട്ടറുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്.



# ലിറ്റിൽകൈറ്റ് 2019-21 ബാച്ച്



# നേട്ടങ്ങൾ

## സംസ്ഥാനതല വിജയികൾ



അശ്വിൻ
ഗണിതശാസ്ത്ര ടാലന്റ് സേർച്ച് പരീക്ഷ
സംസ്ഥാനതലം ബി ഗ്രേഡ്



മുഹമ്മദ് അനീസ്
ലിറ്റിൽ കൈറ്റ് സംസ്ഥാനക്യാമ്പ്
(പ്രോഗ്രാമിങ്ങ് വിഭാഗം)



**അരവിന്ദ് കെ സി**

# ജില്ലാതല വിജയികൾ



അശ്വിൻ ഇ എച്ച്

ഗണിതശാസ്ത്ര ടാലന്റ് സേർച്ച് എക്സാം

ജില്ലാതലം രണ്ടാം സ്ഥാനം



സന എ

ജില്ലാഗണിതശാസ്ത്രമേള

നമ്പർചാർട്ട് മൂന്നാംസ്ഥാനം



അർജ്ജുൻ കെ



അരവിന്ദ്കൃഷ്ണ

ജില്ലാഗണിതശാസ്ത്രമേള

ഗെയിം മൂന്നാംസ്ഥാനം

ജില്ലാഗണിതശാസ്ത്രമേള

പസിൽ രണ്ടാംസ്ഥാനം

# USS സ്കോളർഷിപ്പ് വിജയികൾ



ആഷ്നാ മുഹമ്മദ്



സുജിഷ എസ്



സ്നേഹ എസ്



അഭിനയ പി

# NMMS സ്കോളർഷിപ്പ് വിജയികൾ



ആര്യ എം



കാവ്യപ്രകാശ്



സന

അഭിജിത് വി പി



അരവിന്ദ് കെ സി



# പ്രകൃതിയും മനുഷ്യനും സിനിമയും



വനമകൻ
(സിനിമാസ്വാദനം)

വനമകൻ എന്ന സിനിമയിലെ പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നത് ജയൻ രവി എന്നാ തമിഴ് നടൻ ആണ് നടി സായി ഷ യും. ഇവർ ഈ സിനിമയിൽ നല്ല പ്രകടനം തന്നെയാണ് കാഴ്ചവെച്ചിരിക്കുന്നത് അതുകൊണ്ടുതന്നെ ഈ സിനിമ നല്ല രീതിയിൽ വിജയം കൈവരിക്കുകയും ചെയ്തു. ഇതിൽനിന്ന് നമുക്ക് നല്ല സന്ദേശമാണ് ലഭിക്കുന്നത്. വനങ്ങളെ നശിപ്പിക്കുന്നതും കയ്യടക്കാൻ ശ്രമിക്കുന്നതും ശിക്ഷാർഹമാണ്. എന്നാലും ഈ സിനിമയിൽ പ്രധാനഭാഗം വനത്തിൽ കയറി മരങ്ങൾ വെട്ടി നശിപ്പിച്ച് ഫ്ലാറ്റുകളും വില്ലകളും നിർമ്മിക്കുന്നതാണ്. വനത്തിൽ  ഒരു കൂട്ടം കാട്ടുവാസികൾ ആയിരുന്നു ജീവിച്ചിരുന്നത് ഈ കാട്ടു ക്ലാസുകളിൽ ഒന്നാണ് കഥാനായകൻ. അപ്രതീക്ഷിതമായാണ് പോലീസുകാരുടെ ആക്രമണം ഉണ്ടായത്. അവർ ആകുന്നതും ഒരു പൊരുതാൻ നോക്കി. ആ പോലീസുകാർ എല്ലാവരെയും ഓരോ വലയിലാക്കി. ആ വലയിൽ നിന്ന് രക്ഷപ്പെട്ട നായകൻ കാടുവെട്ട് നഗരത്തിലേക്ക് എത്തുകയും നടി താമസിച്ച വീട്ടിൽ എത്തിച്ചേരുകയും ആണ്. അവർ പരിചയത്തിലായി നായകൻറെ ഭാഷാ വേറെ ആയിരുന്നെങ്കിലും നടി നായകനെ ഓരോന്ന് പഠിപ്പിച്ച എടുക്കുകയാണ് ഉണ്ടായത്. പിന്നീട് അവർക്ക് അവിടെയും പല അക്രമങ്ങളെയും നേരിടേണ്ടിവന്നു. അവർ അവിടെനിന്ന് തിരിച്ച് കാട്ടിലെത്തി എന്നാലും പോലീസുകാരുടെ നിയന്ത്രണത്തിലായിരുന്ന അവർ കാട്ടിലൂടെ ഓടി രക്ഷപ്പെടുന്ന വഴിയിൽ താഴെയുള്ള നദിയിൽ വീഴുകയും അവിടെനിന്ന് രക്ഷപ്പെട്ട അവർ കരയിൽ പുലിയെ കാണുകയും രക്ഷപ്പെടാനുള്ള

ശ്രമത്തിൽ പോലീസുകാരുടെ പിടിയിൽ എത്തുകയും ചെയ്യുന്നു. എവിടെ വെച്ച് നായകന് വെടി ഏൽക്കുകയും നടിയെ അവർ കൊണ്ടുപോവുകയും ചെയ്യുന്നു. വെടിയേറ്റ നായകൻ പരിക്കുകൾ അവഗണിച്ച് കാറിൻറെ പിന്നാലെ ഓടുകയും പോലീസുകാരുമായി ഏറ്റുമുട്ടുകയും ചെയ്തു. മാത്രമല്ല നടിയെ തൻറെ കൂടെ കൊണ്ടുപോകാൻ ശ്രമിച്ചപ്പോൾ നടി തടയുകയും തൻറെ കാര്യത്തിൽ ആരും ഇടപെടേണ്ടതില്ലെന്നും വനം ആരുടെയും സ്വന്തം അല്ലെന്നും ഇവിടെ എല്ലാവർക്കും സ്വാതന്ത്ര്യമുണ്ടെന്നും പറയുന്നു. ഇതോടെ ഏവരും പിരിഞ്ഞുപോവുകയും നടനും നടിയും കാട്ടിൽ തന്നെ താമസിക്കുകയും ചെയ്യുന്നു.

ഇതിൽനിന്ന് നമുക്ക് എല്ലാവർക്കും മനസ്സിലാക്കാൻ കഴിയുന്നത് പ്രകൃതി നമ്മുടെ അമ്മയാണ്. പ്രകൃതി നമുക്ക് താങ്ങും തണലും നൽകി നമ്മെ സംരക്ഷിക്കുന്നു . പക്ഷേ നമ്മൾ അമ്മയാകുന്ന പ്രകൃതിയെ ഒരുപാട് ക്രൂരതകൾ ചെയ്തു നശിപ്പിക്കാൻ ശ്രമിക്കുന്നു . നമ്മുടെ ഈ ഭൂമിയിൽ മുൻപ് വനനിബിഡമായ സ്ഥലത്തെല്ലാം ഇപ്പോൾ ഫ്ലാറ്റുകളും വില്ലകളും നിറഞ്ഞു കൊണ്ടിരിക്കുകയാണ്. ഇതുമൂലം മനുഷ്യർക്ക് തന്നെയാണ് തിരിച്ചടി ലഭിക്കുന്നത്. ഇതറിഞ്ഞിട്ടും മനുഷ്യൻ താത്കാലിക സുഖങ്ങൾക്ക് വേണ്ടി പ്രകൃതിയെ നശിപ്പിക്കുന്നു. എന്തിനുവേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത് എന്ന ചോദ്യത്തിനുമുന്നിൽ അവർക്ക് ഒരു മറുപടിയും ഇല്ല. ഈ സിനിമ വനനശീകരണത്തിന് എതിരെ ഉള്ള സന്ദേശം നൽകുന്നു

മനുഷ്യൻ നന്നായാൽ മാത്രമേ ഈ ലോകം നന്നാവുകയുള്ളൂ

റോഷ്ന
8 ഡി

# ഗൃഹാതുരം

കഥ

അവൻ പതിയെ ഓർമ്മകളിലേക്ക വഴുതിവീണു.എന്തൊക്കെയോ അപ്പോൾ അവൻെറ മനസ്സിൻെറ ചിന്തയെ പിടിച്ചുകുലുക്കുന്നു.ഓരോന്നായി മുത്തുപോലെ കൊഴിഞ്ഞുവീണുകൊണ്ടിരിന്നു.അവ അവൻെറ കണ്ണുകളിൽ ചിന്നിചിതറിയപ്പോൾ കണ്ണിൽ നിന്നും കണ്ണുനീർ ഊർന്നിറങ്ങിയത് അവൻ അറിഞ്ഞില്ല.

അച്ചനും അമ്മയും അനിയനത്തിയും നഷ്ടപ്പെട്ടിട്ട് ഒരു വർഷം കഴിയുന്നു.കഴിഞ്ഞ പ്രളയത്തിൽ മഴ ഒരു യക്ഷിയെപ്പോലെ മുടിയഴിച്ച് സംഹാരതാണ്ഡവം ആടിയപ്പോൾ അവൻ നഷ്ടപ്പെട്ടത് സ്വന്തം ജീവിതമായിരുന്നു.അച്ചൻ അമ്മ എന്നിവരുടെ സ്നേഹം എത്ര അനുഭവിച്ചാലും ഏതു മക്കൾക്കാണ് മതിയാവുക?

ദുരിതാശ്വാസ ക്യാമ്പിൽ അവൻ പരിചയക്കാരോടെല്ലാം അന്വേഷിച്ചു."എൻെറ അച്ചനും അമ്മയും ഒക്കെ എവിടെ ചന്ദ്രേട്ടാ?ഇതുവരെ കണ്ടിലല്ലോ" .അവർ പറഞ്ഞു "മോനേ അവർ തൊട്ടടുത്തുള്ള ക്യാമ്പിലാണ്. അവരെ കണ്ടുപ്പിടിച്ച് കുറേകഴിഞ്ഞല്ലേ മോനെ കണ്ടത് അതുകൊണ്ടാ നീ ഇവിടെ ആയിപ്പോയത്”.എന്ന് അവർ മുഖം താഴ്ത്തികൊണ്ട് പറഞ്ഞു.അയാൾ അത്രയും പറഞ്ഞുവെങ്കിലും അവൻെറ കണ്ണുകളിൽ സൂര്യൻ അസ്തമിച്ചിരുന്നു.

വീട് പാടെ നശിച്ചുവെന്ന് അറിയുന്നത് ക്യാമ്പിൽ നിന്ന് തിരിക്കുമ്പോഴാണ്.ചന്ദ്രേട്ടൻ പറഞ്ഞു.

"വിനു നിൽക്കു ഞാൻ കൊണ്ടേയാക്കാം".അവൻ ചന്ദ്രേട്ടൻെറ ബൈക്കിൽ കയറി.പോകുംവഴി അവൻ

തൻെറ ഓമനവീട് നശിച്ച് ഒരു മൺകൂനയായിരിക്കുന്നത് കണ്ടു.അവനെ ചന്ദ്രേട്ടൻ വല്യച്ചൻെറ വീട്ടിലാക്കി.അച്ചമ്മ കണ്ണീർ തുടച്ച് കൊണ്ട് അവനെ ചേർത്തു പിടിച്ചു.അവൻ ചോദിച്ചു എൻെറ അച്ചനും അമ്മയും എവിടെ.അവൻ അച്ചമ്മയിൽ നിന്ന് തെന്നിമാറി ഓടി നടന്നു വിളിച്ചു.

അച്ചാ............,അമ്മേ........... വല്യച്ചൻ അവനെ കെട്ടിപ്പിടിച്ചു കരഞ്ഞു.

നിൻെറ അച്ചനും അമ്മയും ഇനി ഞാനാ.അവർ നിന്നെ ഒറ്റക്കാക്കി പോയി. നീ ഇനി അവരെ അന്വേഷിക്കരുത്.നിനക്കിനി അങ്ങനെ ഒരു അച്ചനും അമ്മയും ഇല്ല.അയാൾ പൊട്ടിക്കരഞ്ഞു.വിനു വല്യച്ചൻെറ മാറിൽ മുഖമമർത്തി കരഞ്ഞു .

അവൻ പിന്നെ കരഞ്ഞിട്ടില്ല ചിരിച്ചിട്ടുമില്ല.അവൻ ആരോടെങ്കിലും സംസാരിക്കുന്നതോ കണ്ടിട്ടില്ല.ഇന്ന് അവൻെറ മൂഖതക്ക് ഒരു മാസം തികയുന്നു.അവൻ അന്നാദ്യമായി വല്യച്ചനോട് ചോദിച്ചു എനിക്കെൻെറ വീട് കാണണം.എന്നെ കൊണ്ടുപോകുമോ.

അവൻ വല്യച്ചൻെറ വണ്ടിയിൽ കയറി.മണൽ കുറേ പോയിരുന്നു.കുറച്ച് ഓടുകളും മറ്റും മാത്രം.അവിടം ശാന്തമായിരുന്നു.വല്യച്ചൻ അവനെ സ്വസ്ഥമാക്കാൻ കുറച്ച് ദൂരേക്ക് നടന്നു.

അവിടെ അനിയത്തിയുടെ പാവയുടെ തല കിടക്കുന്നത് കണ്ണിൽ പെട്ടു.അപ്പോൾ അവൻ ഓർത്തു.ഞാനും വാശി പിടിച്ചതാണ്ഒരു സ്പൈടർമാൻെറ പാവക്കു വേണ്ടി.പക്ഷെ നീ മൂത്തതല്ലേ എന്ന് പറഞ്ഞ് സ്വാന്തനിപ്പിച്ചു.ദേഷ്യം തീരാതെ അവൻ തന്നെയായിരുന്നു പാവയുടെ തല പിഴുതെടുതത്ത്.അന്നവൾ കരഞ്ഞത് കണ്ട് അവൻ ചിരിച്ചു.ഇന്ന് ആ പാവയുടെ മുഖം അമർത്തി അവൻ കര ഞ്ഞു.

അവൻ ഓർത്തു അവൾ ഞാൻ കരയുന്നത് എവിടെയെങ്കിലും നിന്ന് നോക്കി ചിരിക്കുന്നുണ്ടാവും.

പിന്നെയും അവൻ ചുറ്റിനടന്നു.കുറെ പ്ലേറ്റുകൾ ഞണങ്ങി കിടക്കുന്നതു കണ്ടു.അവൻ സോയാബീൻ ഉപ്പേരി വേണമെന്ന് പറഞ്ഞ് ചോറുംകിണ്ണം വലിച്ചെറിഞ്ഞതും അവൻ ഓർമ്മവന്നു.ക്യാമ്പിൽ കഞ്ഞി കുടിക്കുമ്പോൾ അവൻ ആരോടും ഉപ്പേരിക്കുവേണ്ടി ചോദിച്ചില്ല.അമ്മയും അവനെ ശിക്ഷിക്കുകയാണെന്ന് അവന് തോന്നി.

തൊട്ടപ്പുറത്ത് അച്ചന്റെ പേഴ്സ് കണ്ടപ്പോൾ അവൻ കരച്ചിൽ ഒതുക്കാൻ കഴഞ്ഞില്ല.അവൻ മുട്ടുകുത്തി അതെടുത്ത് മണ്ണിൽ മുഖമമർത്തി കരഞ്ഞു.അവൻ ബജിയും പൊക്കവടയും വാങ്ങാൻ എത്രയോ തവണ ആരും അറിയാതെ കാശെടുത്ത് വാങ്ങുമായിരുന്നു.ഒരിക്കൽ പിടിക്കപ്പെട്ട് ചീത്തകേട്ടപ്പോൾ അഞ്ച് ദിവസം പിണങ്ങിയിരുന്നു.അച്ചൻ ഇപ്പോൾ അവനോട് പിണങ്ങിയതുപ്പോലെ അവൻ തോന്നി.അവനെ വല്യച്ചൻ വന്ന് പിടിച്ച് എഴുന്നേൽപ്പിച്ചു.തിരിച്ചു പോവാൻ നിൽക്കവേ അവൻ വിതുമ്പികൊണ്ടിരുന്നു.

ഇന്നിതാ ആ ദുരിതം കഴിഞ്ഞ് ഒരു വർഷം തികയുന്നു.വീണ്ടും പേമാരി താണ്ഡവമാടാൻ ഒരുങ്ങി പലതിനെയും സംഹരിച്ചു.

ടി.വിയിലെ വാർത്തകൾകണ്ട് ഓർമ്മകളിലേക്ക് വഴുതിവീണ അവൻ പെട്ടെന്ന് ഞെട്ടിയുണർന്ന പോലെ തോന്നി.ഊർന്നിറങ്ങിയ കണ്ണുനീർ തുടച്ചു കൊണ്ട് അവൻ വാർത്ത ശ്രദ്ധിച്ചു.

മണ്ണിടിച്ചലിൽ പിത്തുമലയിൽ വീടുകൾ മണ്ണിനടിയിൽ ഒരു കുട്ടിയെ രക്ഷാപ്രവർത്തകർ രക്ഷിച്ചു.അച്ചനും അമ്മക്കും വേണ്ടി തിരച്ചിൽ നടക്കുന്നു.

അവൻ മനസ്സുരുകി പ്രാർത്ഥിച്ചു.ആ കുട്ടിയെ ഒറ്റപ്പെടുത്തരുതേ ഭഗവാനെ എന്നെ പോലെ ആ കുട്ടിക്ക് ഈ അവസ്ഥ വരുത്തരുതേ. **അവൻ വീണ്ടും ഓർമകളിലേക്ക് ഊർന്നിറങ്ങി എന്നന്നേക്കുമായി...........**

# കേരളകലാമണ്ഡലം

## യാത്രാവിവരണം



തികച്ചും അവിശ്വസനീയവും ആകർഷകവുമായ ഒരു യാത്രയായിരുന്നു കേരള കലാമണ്ഡലത്തിലേക്കുള്ള യാത്ര. കേരള കലാമണ്ഡലത്തി ലേക്ക് പോവുക എന്നതു തന്നെ ഒരു മഹാഭാഗ്യം ആണ്. മഹാകവി ശ്രീ വള്ളത്തോൾ നാരായണമേനോൻ സ്ഥാപിച്ച കലാമണ്ഡലം കാണണം എന്നത് എൻറെ സ്വപ്നം ആയിരുന്നു. അതുകൊണ്ട് ഞാൻ ആ അവസരം പാഴാക്കിയില്ല. അപ്രതീക്ഷിതമായാണ് എനിക്ക് ഈ അവസരം കിട്ടിയത്. കൂട്ടകാരോടൊപ്പം പോയ രസം  കുടുംബത്തോടൊപ്പം പോയാൽ ഉണ്ടാവില്ല . വളരെ ആകാംക്ഷാഭരിത യായിരുന്നു ഞാൻ. കലാമണ്ഡലം എന്തെന്ന് കൂടി അറിയാത്ത ഞാൻ അവിടെ എത്തിയപ്പോൾ അത്ഭുതപ്പെട്ടു. ആ പ്രകൃതിരമണീയമായ സ്ഥലത്തിൽ ഇളം കാറ്റേറ്റ് എൻറെ ശരീരം തണുത്തു. എത്രയേറെ ശിഷ്യന്മാരും ഗുരുക്കളും!. ഓരോരുത്തരെയായി അവരെ പരിചയപ്പെട്ടു . കഥകളി വേഷം , മൃദംഗം , മദ്ദളം, കഥകളിസംഗീതം പഞ്ചവാദ്യം , കഥകളി ചെണ്ട , കഥകളി മദ്ദളം, എന്നിവയെ കുറിച്ച് കൂടുതൽ അറിയാൻ കഴിഞ്ഞു. ഞാൻ അവിടെയെല്ലാം

ചുറ്റിനടന്ന് ആസ്വദിച്ചു . അധ്യാപകരായ പെരിങ്ങോട് ചന്ദ്രൻ , അനങ്ങമനട പരമേശ്വരൻ, മൂത്ത മന കേശവൻ നമ്പൂതിരി , കലാമണ്ഡലം കൃഷ്ണൻകുട്ടി പൊതുവാൾ, തിരുവില്ലാമല വെങ്കിച്ചൻ സ്വാമി, മാണി മാധവ ചാക്യാർ , മൂഴിക്കുളം കൊച്ചുകുട്ടൻ ചാക്യാർ എന്നിവരെ കുറിച്ച് അറിയാൻ കഴിഞ്ഞു . അവിടെ എത്ര ശാന്തതയോടും ലാളിത്യത്തോടുമാണ് ശിഷ്യന്മാരെ പഠിപ്പിക്കുന്നത്.





ടീച്ചർ പിന്നീട് കൂത്തമ്പലത്തിലേക്ക് ഞങ്ങളെ കൊണ്ടുപോയി. ഞാൻ അത്യുത്സാഹത്തോടെയാണ് അവിടേക്ക് പോയത്. കൂടിയാട്ടത്തെ കുറിച്ചും തുള്ളലിനെ കുറിച്ചും ആയിരുന്നു ഞങ്ങൾക്ക് അറിയേണ്ടത്. കലാമണ്ഡലം സുരേഷ് കാളിയത്ത് ആണ് ഇതിനെക്കുറിച്ച് എല്ലാം ഞങ്ങൾക്ക് വിശദമായി പറഞ്ഞുതന്നത് . അവിടെ കാണാൻ കഴിഞ്ഞ ഒരു പ്രത്യേകത അവിടത്തെ വസ്ത്രധാരണം ആയിരുന്നു. കഥകളി, മൂന്നുതരം തുള്ളലുകൾ, കൂടിയാട്ടം, ഭരതനാട്യം , മോഹിനിയാട്ടം എന്നീ പലവിധ നൃത്തരൂപങ്ങൾ പഠിക്കാനെത്തിയ ചേച്ചിമാരുടെ യൂണിഫോം ആണ് ഞാൻ ആദ്യം കണ്ടത് . അത് തികച്ചും ആ സ്ഥലത്തെ വർണാഭം ആക്കിയിരുന്നു. ഓട്ടൻ പറയൻ, ശീതങ്കൻ, എന്നീ മൂന്നു തരം തുള്ളലുകൾ വേദിയിൽ പ്രദർശിപ്പിച്ചു. അവരുടെ വസ്ത്രധാരണവും ആടയാഭരണങ്ങളും എന്നെ വിസ്മയ ഭരിതയാക്കി. സദസ്സിൽ ആകെ ഒരു ഇളംകാറ്റ് വീശിയതുപോലെ. അവിടെയെല്ലാം സുഗന്ധം പരന്നിരുന്നു. അവരുടെ ചലനങ്ങളും ഭാവങ്ങളും മുദ്രകളും ഞാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു . പിന്നീടാണ് കൂടിയാട്ടം കണ്ടത്. ഞാൻ ഇത്രയും പ്രതീക്ഷിച്ചിരുന്നില്ല. ഇതിൽ ഗായിക കലാമണ്ഡലം ശ്രീജ ആയിരുന്നു സംസ്കൃത സംഗീതം ആയിട്ടുകൂടി അത് കേൾക്കാൻ തോന്നുന്ന പാട്ടായിരുന്നു. കൂടിയാട്ടം ഞാൻ ആദ്യമായിട്ടാണ് കാണുന്നത്. അത് ശരിക്കും എൻറെ കണ്ണു തള്ളിച്ചു. അവരുടെ വേഷവും ഭാവവും സംഗീതവും എൻറെ മനസ്സിൽ മായാതെ കിടന്നു . പിന്നീട് ചുട്ടി കുത്തുന്ന കലാകാരന്മാരെ കണ്ടു. അത്രയ്ക്കും ആകാംക്ഷയോടെയാണ് ഓരോ കുട്ടികളും ചുട്ടി

കുത്തുന്നത്. നല്ല മോടിയോടെയും ശ്രദ്ധിച്ചും ആണ് അവരത് ചെയ്യുന്നത് പിന്നീട് ഞങ്ങൾ യാത്രതിരിച്ചു. മടങ്ങാൻ തോന്നിയിരുന്നില്ല . മടങ്ങുമ്പോഴാണ് ഞങ്ങൾ വള്ളത്തോളിൻറ്റെ പ്രതിമ കാണുന്നത് . പ്രതിമയെ കുറച്ചുനേരം നിരീക്ഷിച്ചു. ബസ്സിൽ കയറും മുൻപ് ഞാൻ ഒന്നുകൂടി കലാമണ്ഡലത്തിലേക്ക് നോക്കി.



ഞങ്ങളുടെ സ്കൂളിൽ " പ്രതിഭകളെ ആദരിക്കൽ " എന്നൊരു പദ്ധതി ഉണ്ടായിരുന്നു അതിൻറെ ഭാഗമായി ഞങ്ങൾ അടുത്തുള്ള മിഴാവ് കലാകാരൻ ശ്രീ ഈശ്വരനുണ്ണി ആശാനേ ആദരിച്ചു. വളരെ സന്തോഷം തോന്നി സ്നേഹവും ലളിതവുമായ ഒരു കുടുംബം. അദ്ദേഹം ഞങ്ങൾക്ക് അറിയാത്ത കുറെ കാര്യങ്ങൾ പറഞ്ഞു തന്നു. ഞങ്ങൾ അദ്ദേഹത്തിൻറെ അവാർഡുകളും സർട്ടിഫിക്കറ്റുകളും കണ്ടു. മധുരം തന്നാണ് അദ്ദേഹം ഞങ്ങളെ യാത്രയാക്കിയത് . ഞങ്ങളോട് ധാരാളം കുശലം പറഞ്ഞു. അദ്ദേഹത്തോട് യാത്ര പറഞ്ഞ് ഇറങ്ങുമ്പോൾ ആ ഇളം കാറ്റ് പിന്നെയും എന്നെ തഴുകി.



അബിദാ കൃഷ്ണ
8 D

## *നിന്നിലെ വിശ്വരൂപം*

ആരായ് ജനിച്ചു മരിച്ചു നീ
ആരായ് മടങ്ങു മകളെ നീ
വെറുമിന്നൊരു പിടി ചാരമായ്
നീയിന്നൊതുങ്ങവേ,
ഒരു വൃദ്ധ- അന്ധനേത്രങ്ങൾ തൻ
മിഴിനീരിലേയ്ക്കായ് ചുരുങ്ങവേ ,
ഞാനെന്ന കവിയിൽ ഒരു തേങ്ങലായി മാറി നീ......

തിമിരം വിഴുങ്ങിയ കണ്ണിലൂ-
ടങ്ങനെ കണ്ടു ഞാൻ നിന്നിലെ വിശ്വരൂപത്തിന്റെ മുറിവേറ്റ ജ്വാലകൾ.

പാതി നഗ്നയായ് മധുവർണ്ണമറ്റ പുഷ്പമായ്,
നിൻ ജഡം വീഥിയിൽ കാണവേ,
സൂചിപ്രയോഗത്തിൻ നീറ്റലിൽ -
സ്തബ്ധനായി നിന്നു ഞാൻ .

നിന്നിലേ യ്ക്കാർത്തിയായ് നോക്കും-
നരിക്കണ്ണിലെ പരിഹാസ പുച്ഛവും
അറപ്പുവെറുപ്പുകൾ,ഒടുവിലെവിടെയോ
തൻ പുത്രിയെ തേടുന്ന വൃദ്ധമാതാവിൻ ആകുല ചിന്തകൾ,
വാൾമുന,വേദന,നരനഖങ്ങൾ,
അലർച്ചകൾ, സർവ്വമിന്നെ- നിലേയ്ക്കാഴ്ന്നിറങ്ങീടുകിൽ.

രാത്രിതൻ ആർദ്രയാമങ്ങളിൽ
ലഹരിയിൽ വിഭ്രാന്തി കൊണ്ടവർ ,

നീയെന്ന സ്ത്രീയെ കൊതിച്ചവർ ,
നരന്മം നരിയായി മാറവേ.....

അരുതെന്നൊരായിരം ജീവനായ്, തേങ്ങിക്കരഞ്ഞു നീ.
നിമ്മിഴി പോളതൻ കണ്ണുനീ-
രുപ്പിൻ രുചിയറിയുന്ന ഞാൻ .

എന്തേ നിശാരാഗത്തിലീ ശന്മം-
നിദ്ര പുൽകീ മയങ്ങിയോ? ശോണിതംവാർന്നൊലിച്ചീറനായ്
നഗ്നനയാം നിന്നെ നോക്കീടവേ,

കാണ്മൂ ഞാൻ നീന്നിലെ സർവ്വംസഹയാം വിശ്വരൂപത്തെ....
നീയെന്ന വിശ്വരൂപത്തെ....



അശ്വിൻ ഇ എച്ച്
10 E

## ബസ്സ് വന്നേ..........................................................




പാലക്കാട് ജില്ലയിലെ കടമ്പൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം പരിഹരിക്കുന്നതിനായി ഒറ്റപ്പാലം എംഎൽഎ ശ്രീ. പി ഉണ്ണി സ്കൂളിലേക്ക് ബസ് അനുവദിച്ചു . എംഎൽഎയുടെ ആസ്തിവികസന ഫണ്ടിൽനിന്ന് 20 ലക്ഷം രൂപ നൽകിയാണ് സ്കൂളിന് ബസ് അനുവദിച്ചത്

.ഇതിന്റെ ഉദ്ഘാടനം ആഘോഷമാക്കുകയാണ് സ്കൂളിലെ കുട്ടികളും അധ്യാപകരും രക്ഷിതാക്കളും നാട്ടുകാരും ചേർന്ന് എസ്എസ്എൽസി പ്ലസ് ടു റിസൾട്ട് കളിലും സംസ്ഥാനതല മേളകളിലും കലോത്സവത്തിലും സ്ഥിരമായി മികച്ച പ്രകടനം നടത്തുന്ന കടമ്പൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിലേക്ക് വളരെ ഉൾപ്രദേശത്തു നിന്നുപോലും കുട്ടികൾ പഠിക്കാനെത്തുന്നുണ്ട് . സ്വന്തമായൊരു ബസ് എന്ന സ്കൂളിന്റെ ചിരകാലസ്വപ്നം നിറവേറിയതിന്റെ ആഹ്ലാദത്തിലാണ് കുട്ടികളും അധ്യാപകരും .

ഉദ്ഘാടനം നിർവഹിക്കുന്ന എംഎൽഎ ശ്രീ പി ഉണ്ണി മറ്റ് ജനപ്രതിനിധികൾ എന്നിവർക്ക് പ്രൗഢഗംഭീരമായ സ്വീകരണമാണ് സ്കൂളിലെ പുതുതായി നിർവഹിച്ച സ്റ്റുഡൻറ് പോലീസ് കേഡറ്റ് യൂണിറ്റ് ഒരുക്കിയത്. SP C യുടെ സ്വീകരണം ഏറ്റുവാങ്ങി എംഎൽഎ സ്കൂൾബസ്സിന്റെ പ്രവർത്തനോദ്ഘാടനം ഫ്ളാഗ്ഓഫ് ചെയ്തു ആധുനിക സുരക്ഷാ സംവിധാനങ്ങളും ജിപിഎസ് ഉം ക്യാമറകളും ഉൾപ്പെടെയുള്ള ഹൈടെക് സാങ്കേതികവിദ്യകളും ഉൾപ്പെടുത്തിയിട്ടുള്ളതാണ് സ്കൂൾ ബസ്

സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന വർണ്ണാഭമായ ഉദ്ഘാടനച്ചടങ്ങ് നിലവിളക്ക് കൊളുത്തിക്കൊണ്ട് ബഹുമാനപ്പെട്ട എംഎൽഎ നിർവഹിച്ചു പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ k കെ കുഞ്ഞൻ ഹെഡ്മിസ്ട്രസ് ശ്രീമതി കെ വത്സല തുടങ്ങിയവർ നിലവിളക്ക് കൊളുത്തി

പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ മേന്മകൾ കുട്ടികളും രക്ഷിതാക്കളും അനുഭവിച്ചറിയുന്ന ഉണ്ടെന്ന് എംഎൽഎ ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു .ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ എല്ലാ ഒന്നാം ക്ലാസുകളും ഒന്നാംതരമാക്കുന്ന ഡിജിറ്റലൈസേഷൻ പരിപാടികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു .

അമ്പലപ്പാറ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീk കെ കുഞ്ഞൻ അധ്യക്ഷതവഹിച്ച ചടങ്ങിൽ പ്രിൻസിപ്പൽ ശ്രീമതി കെ കെ പ്രസന്ന സ്വാഗതം പറഞ്ഞു

**ഈ യോഗത്തിൽ വച്ച് ഈ സ്കൂളിലെ 1979 80 എസ്എസ്എൽസി ബാച്ചിലെ വിദ്യാർത്ഥികൾ സ്കൂൾ ഓഡിറ്റോറിയത്തിലേക്ക് ഒന്നരലക്ഷം രൂപ ചെലവിൽ നൽകുന്ന 16 ഫാനുകളുടെയും 300 കസേരകളുടെയും പ്രസംഗം പീ0 ത്തിന്റെയും സമർപ്പണം ആ കാലഘട്ടത്തിൽ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ വി ഗോപാലൻ നായർ മാസ്റ്റർ പാലക്കാട് ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ you രാജഗോപാലൻ നൽകിക്കൊണ്ട് നിർവഹിച്ച പൊതുവിദ്യാലയങ്ങൾ പൊതുജനപങ്കാളിത്തത്തോടെ മികവിന് കേന്ദ്രങ്ങളായി മാറുന്ന ഈ കാലത്ത് പൂർവ്വവിദ്യാർത്ഥികളുടെ ഈ പ്രവർത്തനം മാതൃകാപരമാണ് ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ ഒ രാജഗോപാൽ ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി പ്രീതാ മോഹൻദാസ് അമ്പലപ്പാറ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീമതി എം ജില്ലാ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ സുബ്രഹ്മണ്യൻ വാർഡ് മെമ്പർ ശ്രീ വിജിത പിടിഎ പ്രസിഡണ്ട് ശ്രീ കെ രാമകൃഷ്ണൻ 1079 80 എസ്എസ്എൽസി ബാച്ച് പ്രതിനിധിയെ ശ്രീധരൻ, വിവിധ വിദ്യാഭ്യാസ പ്രവർത്തകർ എന്നിവർ ആശംസകൾ നേർന്നു ...**

# അമ്മമാർക്കുള്ള ഐ ടി പരിശിലനം





# നന്ദി

Little KITEs
GHSS KADAMBUR
Ph: 04662240152
Unit No: LK/2018/20032
Email: ghskadambur@rediffmail.com

little KITEs

KITE
KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

**Little KITEs**
**2019-2021**